**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1095** **02-02-2026 - ൽ മറുപടിയ്ക്ക്**

**ജൽജീവൻ മിഷന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ജൽജീവൻ മിഷന്റെ പ്രവർത്തനം ഇപ്പോൾ ഏത ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | എല്ലാ ഗ്രാമീണ വീട്ടുകളിലും ടാപ്പ് വഴി ശുദ്ധജലം ലഭ്യമാക്കുന്നതിനായി നടപ്പിലാക്കി വരുന്ന പദ്ധതിയാണ് ജല ജീവൻ മിഷൻ (JJM). കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പദ്ധതിയാണിത്. മിഷൻ പിരീഡ് 2024 ആയി തുടക്കത്തിൽ നിശ്ചയിച്ചിരുന്നു. പിന്നീടത് 2025 വരെ ദീർഘിപ്പിക്കുകയും, 2025-26 ലെ യൂണിയൻ ബഡ്ജറ്റിൽ കാലാവധി 2028 വരെ നീട്ടിയതായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.<br><br>സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീട്ടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി. 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീട്ടുകളിൽ 38.81 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.59 %).<br><br>പദ്ധതി പ്രവർത്തനങ്ങൾ തുടങ്ങുമ്പോൾ സംസ്ഥാനത്ത് 4 ജില്ലകളിൽ മാത്രമാണ് 25 ശതമാനത്തിനു മുകളിൽ കുടിവെള്ള കണക്ഷൻ കവറേജ് ഉണ്ടായിരുന്നത്. (ആലപ്പുഴ, എറണാകുളം, തിരുവനന്തപുരം, തൃശ്ശൂർ). ഇപ്പോൾ 7 ജില്ലകൾ 50% നു മുകളിൽ കവറേജ് കൈവരിച്ചു (കൊല്ലം, തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, പാലക്കാട്, കണ്ണൂർ, തൃശ്ശൂർ).<br><br>3 ജില്ലകൾ 45% നു മുകളിൽ കവറേജ് കൈവരിച്ചു (പത്തനംതിട്ട, കോട്ടയം, മലപ്പുറം).<br>മറ്റു ജില്ലകൾ - 30% നു മുകളിൽ കവറേജ് കൈവരിച്ചു.<br>പദ്ധതി തുടങ്ങുമ്പോൾ ഒരു പഞ്ചായത്തിലും 100% കവറേജ് ഉണ്ടായിരുന്നില്ല. ഇപ്പോൾ 120 പഞ്ചായത്തുകൾ 100% കവറേജ് കൈവരിച്ചു. 408 പഞ്ചായത്തുകൾ 50% നു മുകളിൽ കവറേജ് കൈവരിച്ചു.<br>9 നിയമസഭാ മണ്ഡലങ്ങളും 100% കവറേജ് കൈവരിച്ചു. (ധർമ്മടം, കല്ല്യാശ്ശേരി, കണ്ണൂർ, ബേപ്പൂർ, വൈപ്പിൻ, എറണാകുളം, കൊച്ചി, അരൂർ, വൈക്കം).<br>വിവിധ സ്കീമുകളിലായി നാളിതു വരെ 5545 വർക്ക് പാക്കേജുകളായി |

നടപ്പിലാക്കി വരുന്ന പ്രവൃത്തികളിൽ 3239 പ്രവൃത്തികൾ നിലവിൽ പൂർത്തിയാക്കി കഴിഞ്ഞു. 1702 പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. ബാക്കി പ്രവൃത്തികളുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു.
ഇതു വരെ 5610.33 കോടി രൂപ കേന്ദ്ര വിഹിതമായും 8033.28 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 13643.60 കോടി രൂപ). ഇതിൽ 11643.60 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.
വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| **Year** | **Release by GOI (Central Share)** | **Release by GOK (State Share)** | **Total Expenditure (Central & State)** |
|---|---|---|---|
| 2019-20 | 101.29 | 101.29 | 125.96 |
| 2020-21 | 303.18 | 303.18 | 621.90 |
| 2021-22 | 1353.44 | 1353.44 | 2017.01 |
| 2022-23 | 2206.56 | 1616.28 | 3483.60 |
| 2023-24 | 671.18 | 1207.15 | 2913.96 |
| 2024-25 | 974.68 | 1451.94 | 2481.15 |
| 2025-26 | 0 | 2000 | 0 |
| Total | 5610.33 | 8033.28 | 11643.60 |

നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 31.12.2025ലെ കണക്ക് പ്രകാരം 6964.43 കോടി രൂപ (6340 ബില്ലുകൾ - 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്.

2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല.

ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇതു തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിന് നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുകയും ചെയ്തു. പ്രസ്തുത തുക സർക്കാരിൽ നിന്ന് ലഭിച്ച

<table>
<tr><td></td><td></td><td></td><td>നിർദ്ദേശപ്രകാരം കേരള വാട്ടർ അതോറിറ്റി 0215-01-102-98 എന്ന ഹെഡ് ഓഫ് അക്കൗണ്ടിലേക്ക് അടയ്ക്കുകയും ചെയ്തു. ഈ തുകയിൽ നിന്ന് 20/01/2026-ലെ ഉത്തരവ് പ്രകാരം 3750 കോടി രൂപ തിരികെ കേരള വാട്ടർ അതോറിറ്റിക്ക് അനുവദിക്കുകയും ചെയ്തു. ഇതിൽ നിന്നും 2000 കോടി രൂപ 23/01/2026-ൽ കേരള വാട്ടർ അതോറിറ്റിക്ക് ലഭിക്കുകയും ചെയ്തു. ടി തുക കരാറുകാർക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുകയാണ്.</td></tr>
<tr><td>(ബി)</td><td>2020-ൽ തുടങ്ങിയ പ്രസ്തുത പദ്ധതി എത്ര ശതമാനം പൂർത്തിയായി എന്നും ബാക്കിയുള്ളത് എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ;</td><td>(ബി)</td><td>ജൽജീവൻ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 02.01.2026 വരെ സംസ്ഥാനത്ത് 21.31 ലക്ഷം കണക്ഷനുകൾ നൽകിയിട്ടുണ്ട്. ഇത് അനുമതി ലഭിച്ച കണക്ഷനുകളുടെ 39.14% വരും.<br><br>പദ്ധതി പൂർത്തീകരണ കാലാവധി 2028 വരെ കേന്ദ്ര സർക്കാർ നീട്ടിയതായി പ്രഖ്യാപിച്ചിട്ടുണ്ട്. പ്രസ്തുത സമയപരിധിക്കുള്ളിൽ ജല ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള പ്രവൃത്തികൾ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.</td></tr>
<tr><td>(സി)</td><td>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നടത്തുന്ന ഈ സംയുക്ത പദ്ധതി എത്ര തുകയുടേതെന്നും അതിൽ എത്ര തുക നാളിതുവരെ ചെലവാക്കി എന്നും ഇതിൽ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും എത്ര വീതമാണെന്നും വ്യക്തമാക്കുമോ;</td><td>(സി)</td><td>ആകെ ഭരണാനുമതി ലഭിച്ച 44714.79 കോടി രൂപയിൽ ഇതു വരെ 5610.33 കോടി രൂപ കേന്ദ്ര വിഹിതമായും 8033.28 കോടി രൂപ സംസ്ഥാന വിഹിതമായും ലഭിച്ചിട്ടുണ്ട്. (ആകെ – 13643.60 കോടി രൂപ). ഇതിൽ 11643.60 കോടി രൂപ ചിലവഴിച്ചിട്ടുണ്ട്.<br>വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>Year</th><th>Release by GOI (Central Share)</th><th>Release by GOK (State Share)</th><th>Total Expenditure (Central & State)</th></tr>
<tr><td>2019-20</td><td>101.29</td><td>101.29</td><td>125.96</td></tr>
<tr><td>2020-21</td><td>303.18</td><td>303.18</td><td>621.90</td></tr>
<tr><td>2021-22</td><td>1353.44</td><td>1353.44</td><td>2017.01</td></tr>
<tr><td>2022-23</td><td>2206.56</td><td>1616.28</td><td>3483.60</td></tr>
<tr><td>2023-24</td><td>671.18</td><td>1207.15</td><td>2913.96</td></tr>
<tr><td>2024-25</td><td>974.68</td><td>1451.94</td><td>2481.15</td></tr>
<tr><td>2025-26</td><td>0</td><td>2000</td><td>0</td></tr>
<tr><td>Total</td><td>5610.33</td><td>8033.28</td><td>11643.60</td></tr>
</table>
നിലവിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ വകയിൽ കരാറുകാർക്ക് 31.12.2025ലെ കണക്ക് പ്രകാരം 6964.43 കോടി രൂപ (6430 ബില്ലുകൾ 2024 മാർച്ച് മുതലുള്ളത്) കുടിശ്ശിക നല്കുവാനുണ്ട്. 2025-26 സാമ്പത്തിക വർഷം ഇതു വരെ കേന്ദ്ര വിഹിതം ലഭ്യമായിട്ടില്ല. ഫണ്ടിന്റെ അഭാവം പദ്ധതിയുടെ പുരോഗതിയെ നിലവിൽ ബാധിച്ചിട്ടുണ്ട്. ഇത് തരണം ചെയ്യാനായി സംസ്ഥാന വിഹിതത്തിനു</td></tr>
</table>

| | | | |
|---|---|---|---|
| | | | നബാർഡിൽ നിന്നും 9000 കോടി രൂപ വായ്പ എടുക്കുവാൻ 09/09/2025 ലെ മന്ത്രിസഭായോഗം അംഗീകാരം നൽകിയിട്ടുണ്ട്. ആയതിൽ 5000 കോടി രൂപ നബാർഡിൽ നിന്നും വായ്പ എടുക്കുകയും ചെയ്തു. |
| (ഡി) | പ്രസ്തുത പദ്ധതി വഴി എത്ര ഗ്രാമീണ വീട്ടുകളിൽ കുടിവെള്ളം എത്തിച്ചുവെന്നും ഇനി നൽകേണ്ട കണക്ഷനുകൾ എത്രയെന്നും വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്ത് 2020ൽ പദ്ധതി പ്രവർത്തനം തുടങ്ങുന്ന സമയത്ത് 17.50 ലക്ഷം വീട്ടുകളിൽ മാത്രമാണ് കണക്ഷൻ ഉണ്ടായിരുന്നത് (25.06%). JJM ലൂടെ 54.45 ലക്ഷം കുടിവെള്ള കണക്ഷൻ നൽകാനായി 44714.79 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ 21.31 ലക്ഷം കണക്ഷനുകൾ നൽകി. നിലവിൽ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ ആകെയുള്ള 69.82 ലക്ഷം വീട്ടുകളിൽ 38.81 ലക്ഷം വീട്ടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട് (55.59 %). ഇനി 31.01 ലക്ഷം കണക്ഷനുകൾ നൽകാനുണ്ട് (44.41%) |

സെക്ഷൻ ഓഫീസർ